# പരമാധികാരിയായ ദൈവത്തിൻറെ സംരക്ഷണം.

സാക് പുന്നൻ

WFTW 31 മാർച്ച് 2012

യിരെമ്യാവ് 26:20 24 വരെ വാക്യങ്ങളിൽ ദൈവത്തിൻറെ പരമാധികാരം സംബന്ധിച്ച് ചിലത് കാണുന്നു. ആ കാലഘട്ടത്തിൽ തന്നെ അത്ര പേരൊന്നുമില്ലാത്ത ഊരിയാവ് എന്നൊരു പ്രവാചകനുമുണ്ടായിരുന്നു. ഇതറിഞ്ഞ് രാജാവ് അവനെ കൊല്ലാൻ ശ്രമിച്ചു (വാക്യം 21). ഇത് മനസ്സിലാക്കിയ ഊരിയാവ് ഈജിപ്തിലേയ്ക്ക് ഓടിപ്പോയി. എന്നാൽ യെഹോയാക്കീം രാജാവ് അവൻറെ പിന്നാലെ ആളുകളെ ഈജിപ്തിലേയ്ക്ക് അയച്ചു. അവർ അവനെ പിടികൂടി രാജാവിൻറെ മുന്നിൽ ഹാജരാക്കുകയും രാജാവ് അവനെ കൊല്ലുകയും ചെയ്തു. എന്നാൽ ദൈവത്തിൻറെ പരമാധികാരം യിരെമ്യാവിനെ സംരക്ഷിച്ചു. 'എന്നാൽ യിരെമ്യാവിനെ ജനത്തിൻറെ കൈയ്യിൽ ഏൽപ്പിച്ച് കൊല്ലാതിരിക്കേണ്ടതിനു ശാഫാൻറെ മകനായ അഹീക്കാം അദ്ദേഹത്തിനു തുണയായിരുന്നു (യിരെ. 26:24). ഈ രണ്ടു പ്രവാചകന്മാരും ഒരേ സന്ദേശമാണ് വിശ്വസ്തതയോടെ പ്രസംഗിച്ചുകൊണ്ടിരുന്നത്. ഒരാൾ കൊല്ലപ്പെട്ടു, മറ്റെയാൾ രക്ഷപ്പെട്ടു. യാക്കോബിൻറെയും പത്രോസിൻറെയും കാര്യത്തിൽ സംഭവിച്ചതും ഏതാണ്ട് ഇതുപോലെയാണ്. യാക്കോബ് കൊല്ലപ്പെട്ടു, പത്രോസ് വിട്ടയയ്ക്കപ്പെട്ടു (അപ്പൊ. പ്രവൃത്തികൾ അദ്ധ്യായം 12). ചില സമയത്ത് ദൈവം തൻറെ വിശ്വസ്തനായ ഒരു ദാസനെ കൊല്ലപ്പെടാൻ അനുവദിക്കുകയും മറ്റൊരാളെ രക്ഷപ്പെടാൻ അനുവദിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് നാം ആശ്ചര്യപ്പെടാറുണ്ട്. ദൈവത്തിന് ഓരോരുത്തരെ കുറിച്ചും പ്രത്യേക പദ്ധതികളുണ്ട് എന്നതാണ് ഇതിനു കാരണം. ഊരിയാവിൻറെ ശുശ്രൂഷയുടെ കാര്യത്തിലുള്ള ദൈവ പദ്ധതി പൂർത്തിയായിരുന്നു. എന്നാൽ യിരെമ്യാവിൻറെ ശുശ്രൂഷ സംബന്ധിച്ച ദൈവപദ്ധതി അപ്പോഴും പൂർത്തിയായിരുന്നില്ല. നിങ്ങൾ ദൈവത്തിൻറെ വിശ്വസ്ത ദാസനാണെങ്കിൽ മനുഷ്യൻ നിങ്ങളെ കൊല്ലാൻ ശ്രമിച്ചാലും ഭാരപ്പെടേണ്ടതില്ല എന്ന പാഠമാണ് നാം ഇവിടെ നിന്ന് പഠിക്കുന്നത്. നിങ്ങളെ സംബന്ധിച്ച ദൈവത്തിൻറെ സമയം ആയിട്ടില്ലെങ്കിൽ അവിടുന്ന് ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നിങ്ങളെ സംരക്ഷിച്ചുകൊള്ളും. ദൈവത്തിൻറെ സമയത്തിനു മുമ്പേ നിങ്ങൾ കൊല്ലപ്പെടുകയില്ല. രാജാവിൻറെ സേവകന്മാരിൽ ഒരുവനിലൂടെ ദൈവം യിരെമ്യാവിൻറെ ജീവൻ രക്ഷിച്ചു. യിരെമ്യാവിൻറെ ദൈവം നമ്മുടേയും ദൈവമാണ്, അവിടുന്ന് നമുക്കുവേണ്ടിയും അതുപോലെ പ്രവർത്തിക്കും, ഹല്ലെലുയ്യാ !!.

യിരെമ്യാവ് അദ്ധ്യായം 38 ൽ യിരെമ്യാവിനെ ചെളിനിറഞ്ഞ ഒരു പൊട്ടക്കിണറ്റിൽ എറിഞ്ഞതായി വായിക്കുന്നു. കാരണം യെഹൂദയെ ബാബേൽ അടിമത്വത്തിലേയ്ക്ക് കൊണ്ടുപോകുമെന്ന് അദ്ദേഹം പ്രസംഗിച്ചത് രാജാവിനും ഭൃത്യന്മാർക്കും ഇഷ്ടപ്പെട്ടില്ല. യിരെമ്യാവ് അവിടെ ചെളിയിൽ താണ് മരിക്കേണ്ടതായിരുന്നു. എന്നാൽ വീണ്ടും ദൈവത്തിൻറെ പരമാധികാരം തൻറെ ദാസൻറെ ജീവനെ സംരക്ഷിക്കുന്നത് നാം കാണുന്നു. എത്യോപ്യക്കാരനായ എബെദ്മേലെക്ക് എന്ന മനുഷ്യൻ രാജാവിൻറെ അടുക്കൽചെന്നു യിരെമ്യാവിനെ കിണറ്റിൽനിന്ന് രക്ഷിക്കുന്നതിനു അനുവാദം ചോദിക്കുകയും അദ്ദേഹത്തിൻറെ ജീവൻ രക്ഷിക്കുകയും ചെയ്തു (യിരെ. 38:613). തൻറെ വിശ്വസ്ത ദാസന്മാരെ സേവിക്കുന്നതിനു പ്രതീക്ഷിക്കാത്ത ഇടങ്ങളിൽപോലും ദൈവം തൻറെ ആളുകളെ വച്ചിരിക്കുന്നു. എബെദ്മേലെക്ക് യിരമ്യാവിനെ സഹായിച്ചതിനാൽ മറ്റുള്ളവർ അടിമത്വത്തിലേയ്ക്ക് പിടിക്കപ്പെട്ടപ്പോൾ അവൻ രക്ഷപ്പെടും എന്ന് ദൈവം വാഗ്ദാനം ചെയ്തു (യിരെ. 39:16 18).

തൻറെ ദാസന്മാർക്ക് ഒരുപാത്രം വെള്ളം കൊടുക്കുന്നതുപോലും ദൈവം മറക്കുകയില്ല.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)